# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2025 ജനുവരി 18** **website: www.uoc.ac.in**

================================================================

**ശാസ്ത്രയാൻ അടുത്തവർഷം മുതൽ**
**ഒരാഴ്ചത്തെ പ്രദർശനം - വി.സി.**

കാലിക്കറ്റ് സർവകലാശാലയുടെ അക്കാദമിക - ഗവേഷണ മികവുകൾ പൊതുജനങ്ങളിലേക്കെത്തിക്കുന്ന ശാസ്ത്രയാൻ പ്രദർശനം അടുത്തവർഷം മുതൽ ഒരാഴ്ചത്തെ പരിപാടിയാക്കുമെന്ന് വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ പറഞ്ഞു. മൂന്ന് ദിവസം നീണ്ട ശാസ്ത്രയാൻ പ്രദർശനത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്കൂൾ പരീക്ഷകളുടെ തിരക്ക് തുടങ്ങും മുമ്പ് ഒക്ടോബർ - നവംബർ മാസങ്ങളിൽ മേള നടത്തുന്നത് പരിഗണിക്കും. വരും വർഷങ്ങളിൽ കൂടുതൽ ഐ.എസ്.ആർ.ഒ. ഉൾപ്പെടെയുള്ള മികച്ച ഗവേഷണ സ്ഥാപനങ്ങളെ പ്രദർശനത്തിനെത്തിക്കുന്നതിനായി പരിശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെയും മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെയും ഡയറക്ടറായ ഡോ. എൻ.എസ്. പ്രദീപ് മുഖ്യാതിഥിയായി. പൊതുജനങ്ങളിൽ ശാസ്ത്രാവബോധമുണ്ടാക്കുന്നതിനും ശക്തമായ സമൂഹത്തെ വാർത്തെടുക്കുന്നതിനും ശാസ്ത്രയാൻ പോലുള്ള മേളകൾ സഹായിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. രജിസ്ട്രാർ ഡോ. ഇ.കെ. സതീഷ് അധ്യക്ഷത വഹിച്ചു. പൊളിറ്റിക്കൽ സയൻസ് പഠനവകുപ്പ് മേധാവി ഡോ. പി. ശിവദാസൻ സ്വാഗതം പറഞ്ഞു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. കാവുമ്പായി ബാലകൃഷ്ണൻ, ടി.ജെ. മാർട്ടിൻ, അഡ്വ. എൽ.ജി. ലിജീഷ്, സെനറ്റംഗം വി.എസ്. നിഖിൽ, പഠനവകുപ്പ് വിദ്യാർഥി യൂണിയൻ ചെയർമാൻ എം.എസ്. ബ്രവിം തുടങ്ങിയവർ സംസാരിച്ചു. ശാസ്ത്രയാൻ കോ - ഓർഡിനേറ്റർ ഡോ. സി.സി. ഹരിലാൽ നന്ദി പറഞ്ഞു.

***ഫോട്ടോ :*** ശാസ്ത്രയാൻ പ്രദർശനത്തിന്റെ സമാപനസമ്മേളനം വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

***പി.ആർ. 81/2025***

**ശാസ്ത്രയാനിൽ ശ്വാനപ്പടയുടെ ശൗര്യം**
**കാണാൻ ജനത്തിരക്ക്**

കാലിക്കറ്റ് സർവകലാശാലാ ശാസ്ത്രയാൻ പ്രദർശനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പോലീസ് സേനയിലെ നായ്ക്കളുടെ പ്രകടനം കാണാൻ വൻ ജനാവലി. ശരീരത്തിലും ബാഗിലുമെല്ലാം ഒളിപ്പിച്ചു വെച്ച ലഹരിവസ്തുക്കളും സ്ഫോടക വസ്തുക്കളും മണത്ത് കണ്ടു പിടിച്ചും പരിശീലകരുടെ നിർദേശങ്ങൾ അക്ഷരംപ്രതി അനുസരിച്ചും ശ്വാനസേന കാഴ്ചക്കാരുടെ കൈയടി നേടി. ഫോറൻസിക് സയൻസ് പഠനവകുപ്പിന്റെ സഹകരണ

ത്തോടെ നടത്തിയ പരിപാടിക്ക് ഡോഗ് ട്രെയിനിങ് സ്കൂളിലെ ചീഫ് ഇൻസ്ട്രക്ടർ എസ്.ഐ. ഒ.പി. മോഹൻ, എ.എസ്.ഐമാരായ മോഹൻ കുമാർ, റോഷൻ പോൾ എന്നിവരാണ് നേതൃത്വം നൽകിയത്. രജിസ്ട്രാർ ഡോ. ഇ.കെ. സതീഷ്, സിൻഡിക്കേറ്റംഗം ഡോ. ടി. വസുമതി, ഫോറൻസിക് സയൻസ് പഠനവകുപ്പ് മേധാവി ഡോ. ഇ. ശ്രീകുമാരൻ, കോഴ്സ് കോ-ഓർഡിനേറ്റർ ഡോ. എം.എസ്. ശിവപ്രസാദ് തുടങ്ങിയവർ പങ്കെടുത്തു. ബെൽജിയം മെലിനോയ്സ് ഇനത്തിൽപ്പെട്ട റൂബി, ഡയാന, മാഗി, ഹീറോ, ലാബ്രഡോർ ഇനത്തിലെ മിസ്റ്റി, ഫ്രിഡ, ജർമൻ ഷെപ്പേർഡ് വിഭാഗത്തിലെ തണ്ടർ, റിഡോ, പ്രിൻസി എന്നിവ പ്രദർശനത്തിൽ പങ്കെടുത്തു. കേരള പോലീസിലെ ഏക വനിതാ ഡോഗ് ഹാൻഡ്‌ലർ എ.എസ്.ഐ. ആയ വി.സി. ബിന്ദു, ഹാൻഡ്‌ലർമാരായ ആന്റണി, സുമേഷ്, സജിൻ, സുരാജ്, വിജു, സിബിൻ, ശ്രീകുമാർ, ജോജി എന്നിവരാണ് നിർദേശങ്ങൾ നൽകിയത്.

***ഫോട്ടോ :*** ശാസ്ത്രയാൻ പ്രദർശനത്തിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാലാ കാമ്പസിൽ പോലീസ് സേനയിലെ നായ്ക്കൾ നടത്തിയ പ്രകടനം

***പി.ആർ. 82/2025***

**പ്രാക്ടിക്കൽ പരീക്ഷ**

മൂന്നാം സെമസ്റ്റർ (2023 ബാച്ച്) ബി.വോക്. ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് നവംബർ 2024 പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 20-ന് തുടങ്ങും. വിശദമായ സമയക്രമം വെബ്സൈറ്റിൽ.

***പി.ആർ. 83/2025***

**പരീക്ഷാ അപേക്ഷ**

നാലാം സെമസ്റ്റർ ( 2021 പ്രവേശനം മുതൽ ) എം.സി.എ. ഏപ്രിൽ 2025 റഗുലർ / സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ ഫെബ്രുവരി മൂന്ന് വരെയും 190/- രൂപ പിഴയോടെ ആറു വരെയും അപേക്ഷിക്കാം. ലിങ്ക് ജനുവരി 20 മുതൽ ലഭ്യമാകും.

***പി.ആർ. 84/2025***

**പരീക്ഷാഫലം**

ഒന്നാം സെമസ്റ്റർ ബി.എഡ്. നവംബർ 2024 റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 29 വരെ അപേക്ഷിക്കാം.

***പി.ആർ. 85/2025***